(ഡി) സംസ്ഥാനത്ത് ടൂറിസ്റ്റ് സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ടൂറിസ്റ്റുകൾക്കായി താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നു:

1. Hope on Hope off water transport at Kochi
2. Sea Plane Project
3. Visa on arrival
4. Wayside sign boards
5. Modern Information Centres at Major Tourist destinations.

താമസ സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ഹോംസ്റ്റേ, സർവ്വീസ് വില്ല എന്നിവയുടെ ക്ലാസിഫിക്കേഷനും അപ്രൂവലും സർക്കാർ നടപ്പിലാക്കിവരുന്നു. ടൂറിസ്റ്റുകൾക്കായി താമസ സൗകര്യമൊരുക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്വകാര്യ സംരംഭകർക്ക് മുതൽമുടക്കിന്റെ 10 ശതമാനം സബ്സിഡിയായി നൽകിവരുന്നു. അതോടൊപ്പം ആയുർവ്വേദ സെന്ററിന്റെ ക്ലാസിഫിക്കേഷനും നടപ്പിലാക്കിവരുന്നു.

ടൂറിസം വികസനത്തിനായി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

212 (8273) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2012-13, 2013-14 വർഷങ്ങളിൽ ടൂറിസം വികസനത്തിനായി കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചെലവഴിച്ചതുകയും എത്ര യെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ പൂർത്തിയാക്കാത്ത പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) മൊത്തം 4 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ നിർമ്മാണപ്രവർത്തനം വിവിധ ഘട്ടങ്ങളിലാണ്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

കായംകുളം ജലോത്സവം

213 (8274) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രസിദ്ധമായ കായംകുളം ജലോത്സവത്തിന് സർക്കാർ നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ജലോത്സവം നടക്കുന്ന കായൽ തീരത്തിന്റെ കിഴക്ക് ഭാഗത്തുള്ള ചതുപ്പ് ഭൂമി കരഭൂമിയാക്കി ഉയർത്തി പാർക്കിംഗിനായുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ബി) പദ്ധതി നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ സാധ്യത പരിശോധിക്കേണ്ടതുണ്ട്.

വിനോദസഞ്ചാര വകുപ്പുവഴി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ

214 (8275) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിനോദസഞ്ചാര വകുപ്പ് കഴിഞ്ഞ മൂന്ന് വർഷക്കാലം തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിയും നടപ്പാക്കുന്ന സ്ഥലങ്ങളും അവ ഓരോന്നിനും വകയിരുത്തിയിട്ടുള്ള തുകയെത്രയെന്നും വെളിപ്പെടുത്തുമോ ;

(സി) ഓരോ പദ്ധതിയുടെയും പുരോഗതി വിലയിരുത്താമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly